**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 521

19.03.2013-ലെ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ ആഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ പ്രവർത്തന ക്ഷമമായ എല്ലാ സഹകരണ സംഘങ്ങളുടെയും 2012-2013 വർഷം വരെയുള്ള മുഴുവൻ ആഡിറ്റുകളും 30.9.2013 ന് മുമ്പ് പൂർത്തിയാക്കുന്നതിന് 'ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013', സഹകരണ ആഡിറ്റ് ഡയറക്ടർ തയ്യാറാക്കി വരുന്നു. ഇതിലൂടെ ആഡിറ്റ് കുടിശ്ശിക പൂർണ്ണമായി നീക്കം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 97-ാം ഭരണഘടനാ ഭേദഗതിയുടെയും അതിനെ അടിസ്ഥാനമാക്കി നിയമത്തിൽ വന്നിട്ടുള്ള ഭേദഗതിയുടെയും അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിലെ മുഴുവൻ കുടിശ്ശിക ആഡിറ്റുകളും 2012-13 വരെയുള്ള |

| | | | |
|---|---|---|---|
| | | | ആഡിറ്റും. 30.9.2013 ന് മുമ്പായി തീർപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ആഡിറ്റ് സമകാലികമാക്കുന്നതാണ്. സർക്കിൾ തലത്തിൽ ക്യാംപ് ആഡിറ്റുകൾ സംഘടിപ്പിച്ചും ലഭ്യമായ യൂണിറ്റ് ആഡിറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എത്ര സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) | നിലവിലുള്ള കണക്ക് പ്രകാരം പ്രവർത്തന ക്ഷമമായ 17940 സംഘങ്ങളുടെ ആഡിറ്റും റിക്കാർഡുകൾ ലഭ്യമാകാത്ത കാരണത്താലും പ്രവർത്തന രഹിതമായതിനാലും ആഡിറ്റ് കുടിശ്ശികയായിട്ടുള്ള 4995 സംഘങ്ങളുടെ ആഡിറ്റുമടക്കം 22935 സംഘങ്ങളുടെ ആഡിറ്റ്, 30.9.2013-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | സംഘങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലികമാകുന്നതോടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്. എല്ലാ വർഷവും പൊതു യോഗം ചേരുക തൻ വർഷത്തെ ആഡിറ്റ് റിപ്പോർട്ടും കണക്കുകളും പരിശോധിക്കുക, നഷ്ടത്തിന്റെ കാരണം വിശകലനം |

ചെയ്യുക പൊതുയോഗത്തിൽ
അംഗങ്ങൾ നിർബന്ധമായും
പങ്കെടുക്കുന്നതിനുള്ള
വ്യവസ്ഥകൾ എന്നിവയും
സംഘവുമായി ഇടപാടുകൾ
നടത്തിയാലെ അംഗത്വം
നിലനിൽക്കു എന്ന വ്യവസ്ഥകളും
സഹകരണ സംഘങ്ങളുടെ
കാര്യക്ഷമത ഉയർത്തുമെന്ന്
പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ